8520
21/8/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- സാമൂഹ്യനീതി വകുപ്പും സർക്കാർ ഇതര സന്നദ്ധ സംഘടനകളും ചേർന്ന് വൃദ്ധസദനങ്ങൾ ആരംഭിക്കുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം. 530/14/സാനീവ        തിരുവനന്തപുരം, തീയതി. 18.08.2014.

===

പരാമർശം:- 1. 15.07.2014 ലെ സാമൂഹ്യനീതി വകുപ്പു ഡയറക്ടറുടെ ജി3/16003/14 നമ്പർ കത്ത്

2. 21.07.2014 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം

## ഉത്തരവ്

2014-15 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്ത് സർക്കാർ ഇതര സന്നദ്ധ സംഘടനകളുടെ സഹായത്തോടെ വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിനായി 10 കോടി രൂപ അനുവദിച്ചതായി പ്രഖ്യാപിച്ചിരുന്നു. ആയതിൻ പ്രകാരം നിരാലംബരായ വൃദ്ധജനങ്ങളുടെ പുനരധിവാസം ലക്ഷ്യമിട്ട് 14 ജില്ലകളിലായി 14 വൃദ്ധസദനങ്ങൾ സർക്കാർ ഇതര സന്നദ്ധ സംഘടനകളുമായി യോജിച്ച് ആരംഭിക്കുന്നതിനുള്ള പദ്ധതി സംബന്ധിച്ച് പരാമർശം (2) ലെ കത്തു പ്രകാരം സാമൂഹ്യനീതി ഡയറക്ടർ നിർദ്ദേശം സമർപ്പിച്ചിരുന്നു.

2. 21.07.2014 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം മേൽ നിർദ്ദേശം പരിഗണിക്കുകയും പദ്ധതി നടത്തിപ്പിനായി അനുമതി നൽകുന്നതിന് ശുപാർശ നൽകുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പും സർക്കാർ ഇതര സന്നദ്ധ സംഘടനകളുമായി ചേർന്ന് സംസ്ഥാനത്തെ 14 ജില്ലകളിലുമായി 14 വൃദ്ധസദനങ്ങൾ ആരംഭിക്കുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയും ആയതിലേയ്ക്കായി 2235 -02 -104 -83 പ്ലാൻ ശീർഷകത്തിൽ നിന്നും 3,73,38,000/-(മൂന്ന് കോടി എഴുപത്തിമൂന്ന് ലക്ഷത്തി മുപ്പത്തി എട്ടായിരം രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പദ്ധതിയുടെ അപേക്ഷയുടെ മാതൃക, വിശദാംശങ്ങൾ എന്നിവ സാമൂഹ്യനീതി ഡയറക്ടർ പരിശോധിച്ച് അംഗീകാരം നൽകേണ്ടതും പദ്ധതി സർക്കാർ - സന്നദ്ധ സംഘടനാ പോളിസി പ്രകാരമുള്ള വ്യവസ്ഥകൾ പ്രകാരം നടപ്പിലാക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഡോ.കെ.എം. എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ(എ & ഇ) കേരളം, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ധനകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
കരുതൽ ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ